"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### <u>സംഗ്രഹം</u>

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നടത്തുന്ന ഡി.സി.എ. കോഴ്സ് സ്കോൾ കേരള നടത്തുന്ന ഡി.സി.എ. കോഴ്സ് എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

### ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ. (കൈ) നം.9/2021/ഉ.ഭ.പ.വ തീയതി, തിരുവനന്തപുരം, 19/04/2021

---

പരാമർശം: 1. സ.ഉ. (കൈ) നം. 30/2014/ഉ.ഭ.പ.വ. തീയതി: 18/09/2014.

2. സ.ഉ. (കൈ) നം. 206/2015/പൊ.വി.വ. തീയതി: 30/07/2015.

3. സ്കോൾ കേരള സെക്രട്ടറിയുടെ 27/01/2021-ലെ ബി2/195/21/സ്കോൾ-കേരള നമ്പർ കത്ത്.

### ഉത്തരവ്

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നടത്തുന്ന ഡി.സി.എ. കോഴ്സ് ഗവ. സെക്രട്ടറിയേറ്റ് കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയ വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിനുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. പരാമർശം രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോങ് എഡ്യൂക്കേഷൻ (സ്കോൾ കേരള) എന്ന് നാമകരണം ചെയ്തിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നാമതായി വായിച്ച ഉത്തരവ് ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് പരാമർശം (3) കത്ത് പ്രകാരം സ്കോൾ കേരള സെക്രട്ടറി സർക്കാരിനെ സമീപിച്ചിരിക്കുന്നു.

2. സർക്കാർ ടി ആവശ്യം വിശദമായി പരിശോധിച്ചു. പരാമർശം രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവിൽ 'Kerala State Open School' എന്നത് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോങ് എഡ്യൂക്കേഷൻ (സ്കോൾ കേരള) എന്ന് നാമകരണം ചെയ്തിട്ടുള്ള സാഹചര്യത്തിൽ

പരാമർശം ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 ൽ 'DCA Course conducted by Kerala State Open School' എന്നത് DCA Course conducted by SCOLE-Kerala എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. പരാമർശം 1-ാമതായി വായിച്ച ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി. പ്രസന്നൻ.**
**ഡെപ്യൂട്ടി സെക്രട്ടറി.**

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സ്കോൾ-കേരള, പൂജപ്പുര, തിരുവനന്തപുരം.
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്)
പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് [U.O. (F) No. GEDN D/36/2021-GEDN പ്രകാരം]
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

(ഒ)
സെക്ഷൻ ഓഫീസർ.